ഉത്തരം

(എ) ഉണ്ട്. രണ്ടു വർഷങ്ങൾക്ക് മുമ്പ് അപേക്ഷ ലഭിച്ചിരുന്നു.

(ബി) പാലം പണിയുന്നതിനുവേണ്ടി 110 ലക്ഷം രൂപയുടെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറായി വരുന്നു.

(സി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായ ശേഷം പാലം നിർമ്മാണത്തിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

നെടുമുടി-കരുവാറ്റാ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

62 (3621) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിന്റെ കിഴക്കൻ മേഖലയിലൂടെ കടന്നുപോകുന്ന നെടുമുടി-കരുവാറ്റാ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ 30 വർഷമായി മന്ദഗതിയിലായതിനാൽ പണി അടിയന്തരമായി പൂർത്തിയാക്കുവാൻ നബാർഡിന്റെ സഹായം തേടുമോ ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) നെടുമുടി-കരുവാറ്റ റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടത്തിവരികയാണ്. ബാക്കി ഭാഗങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നബാർഡിന്റെ ധനസഹായം തേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

അങ്കമാലി-മഞ്ഞപ്ര റോഡിൽ നിലവിലുള്ള മുല്ലശ്ശേരി പാലം വീതി കൂട്ടി പണിയുന്നതിന് നടപടി

63 (3622) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ഡിവിഷന്റെ കീഴിൽ അങ്കമാലി-മഞ്ഞപ്ര റോഡിൽ നിലവിലുള്ള മുല്ലശ്ശേരി പാലം വീതി കൂട്ടി പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് ഏതു ഘട്ടത്തിലാണെന്നും ഈ വർഷം തന്നെ തുടങ്ങുവാൻ കഴിയുമോ എന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പണി തുടങ്ങുന്നതിന് വരുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) 1996-ൽ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും വിഭവ ലഭ്യത കുറവ് കാരണം പണികൾ യഥാസമയം നടത്താൻ കഴിഞ്ഞില്ല. സാമ്പത്തിക ലഭ്യതയനുസരിച്ച് പുതുക്കിയ ഭരണാനുമതി നൽകി ഈ പാലത്തിന്റെ പണി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly